## ബോധന പരിപാടികൾ

ദക്ഷിണേന്ത്യയൊട്ടുക്കും ബോധന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ദൈനദിന പരിപാടികളായ പ്രദർശന ശാലയിലെ ബോധനം, ചലച്ചിത്ര പ്രദർശനം, ദൃശ്യ ശ്രാവ്യ അവതരണം എന്നിവ കൂടാതെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ, പ്രകൃതി പഠന ക്യാമ്പുകൾ, അംഗവികലരായ വ്യക്തികൾക്കായുള്ള പ്രത്യേക പരിശീലന പരിപാടികൾ അധ്യാപകർക്കായി അറിവ് നവീകരണ പരിപാടികൾ എന്നിങ്ങനെ വേറിട്ട പരിപാടികളിലൂടെ കൂടുതൽ വ്യക്തികളിലേക്ക് എത്തിച്ചേരാനുള്ള തീവ്രശ്രമത്തിലാണ് മ്യൂസിയം. പ്രകൃതിയെ ചിത്രീകരിക്കൽ, മൃഗരൂപങ്ങൾ നിർമ്മിക്കൽ, സംരക്ഷിത വനങ്ങളിലേക്കും പൈതൃക ഇടങ്ങളിലേക്കുമുള്ള യാത്രകൾ ചർച്ചായോഗങ്ങൾ പരിശീലനക്കളാരികൾ എന്നു വേണ്ട നിങ്ങളെ ഹരം പിടിപ്പിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ ഞങ്ങൾ ഇവിടെ ഒരുക്കിയിരിക്കുന്നു.

## താത്കാലിക പ്രദർശനാലയം

മാറ്റം അനിവാര്യമാണ്.... സമകാലിക പ്രാധാന്യമുള്ള പ്രദർശനവസ്തുക്കൾ കൃത്യമായ ഇടവേളകളിൽ മാറ്റി മാറ്റി പ്രദർശിപ്പിക്കുന്നിടമാണിത്. ഒരു പക്ഷെ അടുത്ത പ്രദർശനത്തിലുണ്ടാവുക ഏറെ നാളായി നിങ്ങൾ കാണാൻ കൊതിക്കുന്ന ഒന്നാകാം.



## മ്യൂസിയം വളപ്പ്

വിശാലമായി അഞ്ച് ഏക്കറോളം സ്ഥലത്ത് പച്ച പുതച്ചു കിടക്കുന്ന മൂസിയത്തിന്റെ വളപ്പ് ആവാസവ്യവസ്ഥയുടെ ചെറു പതിപ്പു തന്നെയാണ്. ഔഷധോദ്യാനം, നക്ഷത്രവനം, രാശിവനം, ശില്പോദ്യാനം എന്നിവയിലൂടെ ഉലാത്താം. നിറഞ്ഞ മനസ്സോടെ കാല് നീട്ടിയിരുന്ന് സമീപത്തുള്ള കാരാഞ്ചി തടാകത്തിനു മുകളിൽ വിദൂരാകാശത്തിൽ വട്ടമിട്ട് പറക്കുന്ന ദേശാടനക്കിളികളെക്കണ്ട് നിർവൃതിയടയാം.

## പ്രവേശനം സൗജന്യം

### പ്രദർശന സമയം

രാവിലെ 10.00മണി മുതൽ വൈകുന്നേരം 6.00മണി വരെ
തിങ്കളാഴ്ചയും ദേശീയ അവധി ദിവസങ്ങളിലും അവധിയായിരിക്കും


**റീജിനൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, മൈസൂർ**
ന്യൂ ഡൽഹിയിലെ നാഷണൽ മ്യൂസിയം ഓഫ് നച്ചുറൽ ഹിസ്റ്ററി യുടെ പ്രാദേശിക കേന്ദ്രം
(കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പുകൾ, ഭാരത സർക്കാർ)
**സിദ്ധാർത്ഥ നഗർ, മൈസൂർ– 570011, ഫോൺ 0821 – 2447046**


# റീജിനൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം മൈസൂർ

(കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പുകൾ)

CELEBRATING 25 — 1995 - 2020 — YEARS

*പച്ചയും വൃത്തിയുള്ളതുമായ...*
*നാളെയുടെ മാറ്റത്തിന്റെ ഭാഗമാകുക...*

www.nmnh.nic.in




ജൈവ വൈവിധ്യത്തിന്റെ കാര്യത്തിൽ ലോക രാഷ്ട്രങ്ങൾക്കിടയിൽ ഗണ്യമായ സ്ഥാനമുള്ളൊരു രാജ്യമാണ് ഭാരതം. ആഗോള ഭൂവിസ്തൃതിയിൽ 2.4 ശതമാനം മാത്രമുള്ള ഈ രാജ്യം ജൈവ വൈവിധ്യത്തിന്റെ കണക്കെടുക്കുമ്പോൾ ലോകം മൊത്തമുള്ളതിന്റെ 8 ശതമാനത്തിന്റെ ഈറ്റില്ലമാകുന്നു. അത്ഭുതകരമായ ഈ വൈവിധ്യവും നൂറ്റാണ്ടുകളുടെ സാംസ്കാരിക പാരമ്പര്യവും ഇഴചേർന്ന ഈ നാട് പ്രകൃതിയുടെ വരദാനങ്ങളുടെ കേളീഗൃഹമായിത്തീരുന്നു.

സമ്പന്നമായ ജൈവവൈവിധ്യത്തിന് കീർത്തികേട്ടതെങ്കിലും ഇന്ന് ഇന്ത്യയുടെ ഹരിതസമൃദ്ധി ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഉദാത്തമായ പ്രകൃതിപരിപാലന പാരമ്പര്യം അണിയറയിലേക്കൊതുങ്ങുകയാണ്. ജനപ്പെരുപ്പവും അതിനെത്തുടർന്നുണ്ടാകുന്ന വികസനത്തിന്റെ അനിവാര്യതയും പ്രകൃതിസംരക്ഷണത്തിന് കോട്ടം വരുത്തിയിരിക്കുന്നു. ബോധവത്കരണത്തിലൂടെ മാത്രമേ നമ്മുക്കിനി മുന്നേറാനാവൂ. നമ്മുടെ സമ്പന്നമായ ജൈവവൈവിധ്യത്തെ പ്രദർശിപ്പിച്ച് ജനസാമാന്യത്തിന് പരിസ്ഥിതി അവബോധം സൃഷ്ടിക്കാൻ വേണ്ടിയാണ് ഭാരത സർക്കാർ കേന്ദ്ര പരിസ്ഥിതി, വന, കാലാവസ്ഥാ വകുപ്പുകളുടെ മേൽ നോട്ടത്തിൽ നാഷണൽ മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററി (NMNH)എന്ന സ്ഥാപനം ആരംഭിച്ചത്. രാജ്യത്തുടനീളമുള്ള ജനങ്ങളിലേക്കെത്താൻ ചിറകുവിരിക്കുകയാണി പ്രസ്ഥാനം. മൈസൂരിലെ പ്രാദേശിക നാച്ചുറൽ ഹിസ്റ്ററി മൂസിയം (RMNH) 1995ലാണ് ആരംഭിച്ചത്. ഇന്ന് ഭോപ്പാൽ, ഭുവനേശ്വർ, സ്വാമി മാധോപുർ, ഗാങ്ങ്ടോക് എന്നിവിടങ്ങളിലെല്ലാം ദേശീയ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന് പ്രാദേശിക കേന്ദ്രങ്ങളുണ്ട്.

പ്രദർശന സാമഗ്രികളാണ് ഏതൊരു മ്യൂസിയത്തിലെയും പ്രാഥമിക ബോധന മാധ്യമം. മൈസൂരിലെ മ്യൂസിയത്തിന് മൂന്ന് സ്ഥിരം പ്രദർശന ശാലകളും ഒരു താത്കാലിക പ്രദർശന ശാലയും ഉണ്ട്. ഇത് കൂടാതെ ഒരു കണ്ടെത്തൽ ഇടം, ചലച്ചിത്ര പ്രദർശനത്തിനായുള്ള വിശാലമായ ഓഡിറ്റോറിയം, പച്ചമരത്തണലുകളാൽ മനോഹരമായ മ്യൂസിയം വളപ്പിൽ ഒരു തുറന്ന പ്രദർശനാലയം എന്നിവയും ഇവിടെ ഒരുക്കിയിരിക്കുന്നു.











## പ്രദർശന ശാല : 1 ജൈവ വൈവിധ്യം

ജൈവവൈവിധ്യത്തിന്റെ കലവറയായ പശ്ചിമഘട്ടത്തിന്റെ കണ്ണോട്ടമെത്തുന്ന സ്ഥലത്താണ് മൈസൂർ നാച്ചുറൽ ഹിസ്റ്ററി മൂസിയം സ്ഥിതിചെയ്യുന്നത്. ആവാസ വ്യവസ്ഥയിലെ സകല ജീവിവർഗ്ഗങ്ങളുടെയും പരസ്പരാശ്രയത്വം സഹവർത്തിത്വം അതിജീവന തൃഷ്ണ എന്നിവയ്ക്കെല്ലാം ഊന്നൽ നൽകിക്കൊണ്ട് ജൈവവൈവിധ്യത്തിന്റെ ചുടു നിലങ്ങൾ കാഴ്ചക്കാരനു മുന്നിൽ തുറന്നിടുകയെന്നതാണ് ഈ പ്രദർശനാലയത്തെന്റെ മുഖ്യ ലക്ഷ്യമായി IUCN വിഭാവനം ചെയ്യുന്നത്. ഉഷ്ണമേഖലാ മഴക്കാടുകൾ, ചതുപ്പുകൾ, കണ്ടൽ വനങ്ങൾ എന്നിവിടങ്ങളിലെ ആവാസവ്യവസ്ഥയോടൊപ്പം സമുദ്രത്തിലെ ജൈവ പരിസ്ഥിതിയും ഇവിടെ വിജ്ഞാനദാഹികൾക്കായി പ്രദർശിപ്പിച്ചിരിക്കുന്നു.

## കണ്ടെത്തൽ കേന്ദ്രം

ആഹ്ലാദത്തിലൂടെ അറിവ് തൊട്ടറിഞ്ഞനുഭവിക്കാനും കളിയിലൂടെ കാര്യത്തിലെത്താനും ക്രിയാത്മകമായ പ്രവർത്തികളിൽ അലിഞ്ഞുചേരാനുമുള്ള അവസരങ്ങളൊരുക്കി സന്ദർശകരെ, പ്രത്യേകിച്ച് കുഞ്ഞുങ്ങളെ മാടി വിളിക്കുകയാണ് ഈ കണ്ടെത്തൽ കേന്ദ്രം.

കണ്ടെത്തൽ പേടകം തുറക്കാം കളിപ്പാട്ടങ്ങളാലമ്മാനമാടാം ചിത്രശകലങ്ങൾ കൂട്ടിയോജിപ്പിക്കാം ആടിയും പാടിയും നിർവൃതിയടയാം ശരീരത്തിന്റെ തൂക്കവും ഉയരവുമളന്ന് ആരോഗ്യ ചീട്ട് നിർമ്മിക്കാം ലഘുപരീക്ഷണ ശാലയിൽ കയറി യുവ ശാസ്ത്രജ്ഞനാകാം മണൽക്കുഴിയിൽ നിധി തേടാം പുസ്തകപ്രേമിയെങ്കിൽ വായനയിൽ മുഴുകാം ഇതൊന്നുമല്ലെങ്കിൽ മുപ്പതടി നീളമുള്ള തിമിംഗലത്തിന്റെ അസ്ഥികൂടത്തിൽ കണ്ണും നട്ട് ആ ഭീമാകാരന്റെ രൂപം മനസ്സിൽ സങ്കൽപിക്കാം.

## പ്രദർശന ശാല : 2
## ജീവനം യുഗങ്ങളിലൂടെ

വർത്തമാന കാല ജൈവവൈവിധ്യത്തിലെ ജീവിവർഗ്ഗങ്ങൾ കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഉരുവം കൊണ്ട് യുഗങ്ങളിലൂടെ ദേശാന്തരഗമനം നടത്തി ഇന്നത്തെ രൂപത്തിലെത്തിച്ചേർന്നതാണ്. ആധുനിക മനുഷ്യനിലെത്തുന്നതുവരെ ജീവികുലം താണ്ടിയ ദീർഘസഞ്ചാരപഥത്തിലെ പ്രധാന നാഴികക്കല്ലുകളുടെ ഒരു വിഹഗ വീക്ഷണമാണ് നമുക്കിവിടെ ലഭിക്കുന്നത്. കാലത്തിലൂടെയുള്ള പ്രയാണമാണിത്, ഇന്ത്യൻ പീഠഭൂമിയിലൂടെ സ്വൈര്യവിഹാരം നടത്തിയിരുന്ന ഉരഗഭീമന്റെ യഥാർഥവലിപ്പത്തിലുള്ള മാതൃക നേരിട്ട് കാണാനുള്ള അവസരവും ഇവിടെ ഒരുക്കിയിരിക്കുന്നു.

## പ്രദർശന ശാല : 3
## പരിസ്ഥിതി ശാസ്ത്രം

പ്രകൃതിയിലെ സങ്കീർണ്ണമായ പരസ്പരബന്ധം മനസ്സിലാക്കിയാൽ മാത്രമേ പ്രകൃതിയുടെ പ്രാധാന്യവും അതിന്റെ സങ്കീർണ്ണമായ ശൃംഖലിത ബന്ധവും ഇവയെ പരിപാലിക്കേണ്ടതെങ്ങനെയെന്നുള്ള അവബോധവും നമുക്ക് വെളിപ്പെടുകയുള്ളൂ. ഗോത്രവർഗ്ഗക്കാർ പിന്തുടർന്നിരുന്ന പ്രകൃതിയുമായി ഐക്യപ്പെട്ടുള്ള ജീവിതരീതിയും ആവാസ വ്യവസ്ഥയിലെ ആപത്തുകളും വൈഷമ്യങ്ങളും അതുല്യരായിരുന്ന ആദിനിവാസികളുടെ അത്ഭുതപ്രവൃത്തികളുമെല്ലാം ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.